**അടിയന്തിരം**

പൊതുവിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
(ഹയർ സെക്കന്ററി വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം-1

**No.Fin.B5/104914/18/HSE**

**തീയതി : 10/11/2020**

## പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസം (ഹയർ സെക്കന്ററി വിഭാഗം) - റീ കൺസിലേഷൻ സർട്ടിഫിക്കറ്റുകളുടെ അസാധാരണ കാലതാമസം - റീ കൺസിലേഷൻ പ്രക്രിയ വേഗത്തിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- (1) ധനകാര്യ വകുപ്പിന്റെ 13/07/2018 - ലെ 63/2018/Fin. നമ്പർ സർക്കുലർ
(2) ധനകാര്യ വകുപ്പിന്റെ 25/05/2019 - ലെ 54/2019/Fin. നമ്പർ സർക്കുലർ
(3) എ.ജി. യുടെ 18/05/2020 - ലെ DAE4/G1/V/Recon/2019-2020/59 നമ്പർ കത്ത്
(4) ധനകാര്യ വകുപ്പിന്റെ 05/08/2020 - ലെ 104/2020/ഫിൻ. ഗവൺമെന്റ് ഉത്തരവ്

റീ കൺസിലേഷൻ പ്രക്രിയ വേഗത്തിലാക്കുന്നതിലേക്ക് "റീ കൺസിലേഷൻ റിപ്പോർട്ട്സ്" എന്ന പേരിൽ ബിംസ് ആപ്ലിക്കേഷനിലെ ബില്ല് സെക്ഷനിൽ പുതിയ ഒരു മൊഡ്യൂൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ ഡി.ഡി. ഒ. മാരുടെയും ലോഗിനിൽ ഇത് ലഭ്യമാണ്. ഡി.ഡി.ഒ. മാർ ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് സ്പാർക്ക് (ശമ്പള, ശമ്പളേതര) ബില്ല്, ബിംസ് (കണ്ടിജന്റ്) ബില്ല് എന്നിവയിൽ നിന്നും ബില്ല് ക്രമത്തിൽ വിവരങ്ങളുടെ റിപ്പോർട്ട് എടുത്ത് പരിശോധിക്കാവുന്നതാണ്. ഈ റിപ്പോർട്ട് ഡി.ഡി.ഒ. മാരുടെ ബിൽ ബുക്കിലെ വിവരങ്ങളുമായി ചേർത്ത് പരിശോധിച്ച് അനുവദിക്കപ്പെട്ട ശീർഷകങ്ങളിൽ നിന്നു തന്നെ യാണോ തുക മാറിയിട്ടുള്ളത്, തുകയുടെ കൃത്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്. ഈ വകുപ്പിന്റെ പരിധിയിലുള്ള എല്ലാ ഡി.ഡി.ഒ. മാരും **User Id - 1768, Passward - Ag 8231#** ഉപയോഗിച്ച് ***www.agker.cag.gov.in*** എന്ന സൈറ്റിൽ ലഭ്യമായിട്ടുള്ള അതാത് ഡി.ഡി.ഒ മാരുടെ ട്രഷറികളിൽ നിന്നുള്ള ബിൽ മാറിയതിന്റെ വിവരങ്ങളുടെ കൃത്യത പരിശോധിക്കേണ്ടതാണ്. ഇത്തരത്തിൽ പരിശോധിച്ചതിൽ അനുവദിച്ച ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി ബിൽ മാറിയിട്ടുണ്ടെങ്കിലോ തുകയിൽ വ്യത്യാസമുണ്ടെങ്കിലോ വിവരം ഡയറക്ടറേറ്റിലേക്ക് അറിയിക്കേണ്ടതുമാണ്. ഇപ്രകാരം 2019 – 2020 സാമ്പ ത്തിക വർഷം മുതൽ വരവ് ചെലവ് കണക്കുകളുടെ റീകൺസിലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. സൂചന (2) പ്രകാരം റീ കൺസിലേഷൻ റിപ്പോർട്ട് ത്വരിതപ്പെടുത്ത ണമെന്ന നിർദ്ദേശം സർക്കാർ നൽകിയിരിക്കുന്നതിനാൽ നിർദ്ദേശങ്ങൾ എല്ലാ ഡി.ഡി. ഒ. മാരും കർശനമായി പാലിക്കേണ്ടതാണ്.

(മറുപുറം)

സൂചന (4) - ലെ ഉത്തരവ് പ്രകാരം 01/10/2020 മുതൽ റീകൺസിലേഷൻ ഓൺലൈൻ മൊഡ്യൂളിലൂടെയാണ് ചെയ്യേണ്ടത്. എല്ലാ ഡി.ഡി.ഒ. മാരും മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾക്കുനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഫിനാൻസ് ഓഫീസർ**
**(ഡയറക്ടർക്കുവേണ്ടി)**

പകർപ്പ്:-

എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും
ആർ.ഡി.ഡി. മാർക്കും